ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം

# ആത്മപ്രബോധിനി

2017 ജൂലൈ – സെപ്റ്റംബർ

VOL - 5 ISSUE - 3 FOR PRIVATE CIRCULATION ONLY THIRUVALLA

# ശാരോൻ സൺഡേസ്കൂൾ ഭാരവാഹികൾ

## 2017 – 2019 വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തു


പാസ്റ്റർ ഏബ്രഹാം മന്ദമരുതി


പാസ്റ്റർ പി.എ. ചാക്കോച്ചൻ


റോഷി തോമസ്


കെ. ഇ. ജോർജുകുട്ടി


കോശി മാത്യു


കെ. തങ്കച്ചൻ


പാസ്റ്റർ ബിജു ജോസഫ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ ജനറൽ ഡയറക്ടറായി പാസ്റ്റർ ഏബ്രഹാം മന്ദമരുതിയും (തിരുവല്ല), ജനറൽ സെക്രട്ടറിയായി ബ്രദർ റോഷി തോമസും (അടൂർ) ജനറൽ ട്രഷററായി ബ്രദർ കോശി മാത്യുവും (പന്തളം) തെരഞ്ഞെടുക്കപ്പെട്ടു. ജൂലൈ 12 ന് തിരുവല്ലയിൽ കൂടിയ വാർഷിക ജനറൽബോഡി മീറ്റിംഗിൽ വെച്ചാണ് അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളെ തെരഞ്ഞെടുത്തത്. സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ്, കൗൺസിൽ അംഗം പാസ്റ്റർ വി.ജെ. തോമസുകുട്ടി എന്നിവർ തെരഞ്ഞെടുപ്പിനു നേതൃത്വം നൽകി.

പാസ്റ്റർ പി.എ. ചാക്കോച്ചൻ, ചിറ്റാർ (അസോ. ഡയറക്ടർ), ബ്രദർ കെ.ഇ. ജോർജുകുട്ടി, കൂടൽ (അസോ. സെക്രട്ടറി), ബ്രദർ കെ. തങ്കച്ചൻ, കൊട്ടാരക്കര (എക്സാം കൺട്രോളർ), പാസ്റ്റർ ബിജു ജോസഫ്, തൃശൂർ (ജനറൽ കോർഡിനേറ്റർ), പാസ്റ്റർമാരായ ബ്ലസൻ ജോർജ്-എറണാകുളം, പി. മത്തായി-ഏനാത്ത്, സജു മാവേലിക്കര, സനു ജോസഫ്-ഗുജറാത്ത്, ബ്രദേഴ്സ് റ്റി. തങ്കച്ചൻ -പുനലൂർ, അജിത്ത് ജോർജ്ജ്-എറണാകുളം, പ്രിൻസ് സാമുവേൽ ജോസഫ് - മൂവാറ്റുപുഴ, ഷിജു ജോർജ്-തൃപ്പൂണിത്തുറ (എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ) എന്നിവരാണ് മറ്റു ഭാരവാഹികൾ.

ഇതോടൊപ്പം തന്നെ ഇരുപതംഗ ജനറൽ കമ്മറ്റിയെയും തെരഞ്ഞെടുത്തു. പാസ്റ്റർമാരായ ജേക്കബ് ജോർജ് (ഗുജറാത്ത്), ജോസ് ജോർജ് (ഹൈറേഞ്ച്), ജോൺസൻ സാമുവേൽ (എറണാകുളം), സാം കുട്ടി ജോൺ (കൊട്ടാരക്കര), കെ. എം. കുര്യാക്കോസ് (പിറവം), ജോയി സി.കൊച്ചാക്കൽ (അടിമാലി), റെജി പി. ശമുവേൽ (പത്തനംതിട്ട), റോയി വർഗീസ് (ചിറ്റാർ), സാംസൺ പി. തോമസ് (തിരുവല്ല), സാം ഫിലിപ്പ് (തിരുവല്ല), സജി സൈമൺ (കോട്ടയം), സാം കോശി (പുനലൂർ), അനി ബി. (തിരുവനന്തപുരം), ബ്രദേഴ്സ് എം. കുഞ്ഞച്ചൻ (മാവേലിക്കര), എബി ബേബി, (കൊട്ടാരക്കര), ബോബി റ്റി. (പത്തനാപുരം), ജോർജ് സേവ്യർ (കട്ടപ്പന), റ്റി.പി. ജോർജ് (വാഴൂർ), രാജേഷ് എം.എസ് (കോതമംഗലം), സിസ്റ്റർ ആൻസി പൗലോസ് (തേവര).

പ്രതിനിധികളില്ലാത്ത ഏരിയാകളിൽനിന്ന് ജനറൽ കമ്മറ്റിയിലേക്ക് പിന്നീട് കോപ്റ്റ് ചെയ്യപ്പെട്ടവർ: പാസ്റ്റേഴ്സ് എൽദോ പി. ജോസഫ് (കോഴിക്കോട്), ബിജു ഏഴോലി (റാന്നി), കെ.വി. ജോസഫ് (പാലക്കാട്), ജോമോൻ ജെ. (ശൂരനാട്), റ്റോണി തോമസ് (മലപ്പുറം), സനൽ വർഗീസ് (തൃശൂർ), അനീഷ് കൊല്ലംകോട് (ആലുവ), സിസ്റ്റർ ബോണി ജേക്കബ് (ചെങ്ങന്നൂർ).

## അഞ്ചാമത് മെഗാ ബൈബിൾ ക്വിസ് ഒരുക്കങ്ങൾ പുരോഗമിക്കുന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി നടത്തുന്ന അഞ്ചാമത് മെഗാ ബൈബിൾ ക്വിസിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. ഒക്ടോബർ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ 4.30 വരെ ഓരോ സെക്ഷനുകളിലേയും തെരഞ്ഞെടുക്കപ്പെട്ട സെന്ററുകളിൽവെച്ചാണ് ക്വിസ് നടക്കുന്നത്. നാലു ഗ്രൂപ്പുകളായി തിരിച്ചായിരിക്കും മത്സരങ്ങൾ നടക്കുക.

സൺഡേസ്കൂളിൽ 5 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്നവർ എ ഗ്രൂപ്പും 8 മുതൽ 10 വരെ ക്ലാസുകാർ ബി ഗ്രൂപ്പും 11, 12 ക്ലാസുകാർ സി ഗ്രൂപ്പും അധ്യാപകർ ഡി ഗ്രൂപ്പുമായിരിക്കും. ഓരോ ഗ്രൂപ്പിനും പഴയനിയമത്തിലെയും പുതിയനിയമത്തിലെയും തെരഞ്ഞെടുത്ത പുസ്തകങ്ങളിൽനിന്നുള്ള ചോദ്യങ്ങളായിരിക്കും ഉണ്ടാകുക. ഒരു മണിക്കൂറിനുള്ളിൽ 80 ചോദ്യങ്ങൾക്കാണ് ഉത്തരം എഴുതേണ്ടത്. ചോദ്യങ്ങൾ ഒബ്ജക്ടീവ് ടൈപ്പാണ്. ശരിയായ ഉത്തരത്തിൽ ടിക് ചെയ്യുക മാത്രമാണ് വേണ്ടത്. വെട്ടിത്തിരുത്തലുകൾ തെറ്റായി പരിഗണിക്കും. നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല. അധ്യാപകരായ പാസ്റ്റേഴ്സ് മത്സരത്തിൽ പങ്കെടുക്കാൻ പാടില്ല. 30 രൂപയാണ് രജിസ്ട്രേഷൻ ഫീസ്.

ഓരോ ഗ്രൂപ്പിലും ആദ്യ മൂന്നു സ്ഥാനം നേടുന്നവർക്ക് യഥാക്രമം 3500, 2500, 1500 രൂപാവീതം ക്യാഷ് അവാർഡും മെമന്റോയും നൽകും. കൂടാതെ, ഓരോ സെന്ററിലും ഗ്രൂപ്പടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ മാർക്കു നേടുന്ന വ്യക്തിക്ക് പ്രോത്സാഹന സമ്മാനവും നൽകും. അപേക്ഷാഫോറവും നോട്ടീസും ലോക്കൽ സഭകളിൽ അയച്ചിട്ടുണ്ട്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഫോം വ്യക്തമായി പൂരിപ്പിച്ച് ഫീസ് സഹിതം സെക്ഷൻ ഭാരവാഹികളെ ഒക്ടോബർ 2 ന് മുമ്പ് ഏൽപ്പിക്കേണ്ടതാണ്.

ഓരോ ഗ്രൂപ്പിനും പഠിക്കേണ്ട പുസ്തകങ്ങൾ ചുവടെ ചേർക്കുന്നു.

**ഗ്രൂപ്പ് എ:** 2 രാജാക്കന്മാർ, ഫിലിപ്പ്യർ

**ഗ്രൂപ്പ് ബി :** 1 ദിനവൃത്താന്തം, 1 തിമൊഥെയോസ്

**ഗ്രൂപ്പ് സി :** 2 ദിനവൃത്താന്തം, 2 തിമൊഥെയോസ്

**ഗ്രൂപ്പ് ഡി :** യിരമ്യാവ്, 1 യോഹന്നാൻ

കൂടുതൽ വിവരങ്ങൾക്ക് കോർഡിനേറ്റർ പാസ്റ്റർ ബിജു ജോസഫുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9995695573

## സെക്ഷൻ ഭാരവാഹികളുടെ മീറ്റിംഗ് ഒക്ടോ. 18 ന്

**തിരുവല്ല:** കേരളത്തിലെ സൺഡേസ്കൂൾ സെക്ഷൻ ചെയർമാൻമാർ, സെക്രട്ടറിമാർ എന്നിവരുടെ ഒരു പ്രത്യേക മീറ്റിംഗ് 2017 ഒക്ടോബർ 18 ബുധനാഴ്ച രാവിലെ 10 മുതൽ തിരുവല്ല ശാരോനിൽ ക്രമീകരിച്ചിരിക്കുന്നു. എക്സിക്യൂട്ടീവ്, ജനറൽ കമ്മറ്റി അംഗങ്ങളും ഈ മീറ്റിംഗിൽ പങ്കെടുക്കും. മെഗാ ബൈബിൾ ക്വിസിന്റെ ചോദ്യപേപ്പർ അടങ്ങിയ പായ്ക്കറ്റ്, വാർഷിക പരീക്ഷയ്ക്കായി ലോക്കൽ സഭകൾക്കുള്ള രജിസ്ട്രേഷൻ ബുക്ക് തുടങ്ങിയവ ഈ മീറ്റിംഗിൽ വെച്ച് സെക്ഷൻ ഭാരവാഹികൾക്ക് വിതരണം ചെയ്യുന്നതാണ്.

## പുതിയ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ ഈ വർഷം പ്രീസ്കൂൾ–2, സീനിയർ ക്ലാസ്, അധ്യാപക സഹായി എന്നീ പുസ്തകങ്ങൾ പുതുതായി തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. യു.കെ.ജി തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയാണ് പ്രീസ്കൂൾ–2 പാഠപുസ്തകം തയ്യാറാക്കുന്നത്. 12–ാം ക്ലാസ് പൂർത്തീകരിച്ച വിദ്യാർത്ഥികളെ ഉദ്ദേശിച്ചാണ് സീനിയർ ക്ലാസ് പാഠപുസ്തകം. അധ്യാപകർക്കുവേണ്ട നിർദ്ദേശങ്ങൾ, വിശദീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് അധ്യാപക സഹായി പ്രസിദ്ധീകരിക്കുന്നത്.

## വാർഷിക ജനറൽബോഡി മീറ്റിംഗ് നടന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷന്റെ 2016–17 ലെ വാർഷിക ജനറൽബോഡി മീറ്റിംഗ് ജൂലൈ 12 ബുധനാഴ്ച രാവിലെ 11 മുതൽ തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിൽ വെച്ചു നടന്നു. ഡയറക്ടർ പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിച്ചു. സഭാ ജനറൽ സെക്രട്ടറി പാസ്റ്റർ ഫിന്നി ജേക്കബ്, കൗൺസിൽ അംഗം പാസ്റ്റർ വി.ജെ. തോമസുകുട്ടി എന്നിവർ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ബ്രദർ റ്റി. തങ്കച്ചൻ പ്രവർത്തനറിപ്പോർട്ടും ട്രഷറാർ ബ്രദർ റ്റി.ഒ. പൊടിക്കുഞ്ഞ് വരവുചെലവു കണക്കും അവതരിപ്പിച്ചു. 2017–2019 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെയും ഈ മീറ്റിംഗിൽ തെരഞ്ഞെടുത്തു.

## നവംബർ 5 ഞായർ സൺഡേസ്കൂൾ ദിനം

സൺഡേസ്കൂൾ അസോസിയേഷൻ എല്ലാ വർഷവും നവംബർ മാസത്തിലെ ആദ്യ ഞായറാഴ്ച സൺഡേസ്കൂൾ ദിനമായി വേർതിരിക്കുന്നു. ഈ വർഷം നവംബർ അഞ്ചിനാണ് സൺഡേസ്കൂൾ ദിനം. അന്നേ ദിവസം എല്ലാ ലോക്കൽ സഭകളിലും സൺഡേസ്കൂൾ പ്രവർത്തനങ്ങളെ ഓർത്തു പ്രാർഥിക്കുകയും സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്കായി സഭായോഗ മധ്യത്തിൽ ഒരു സ്തോത്രകാഴ്ച എടുത്ത് കേന്ദ്ര കമ്മറ്റിയിലേക്കു നൽകുകയും ചെയ്യണമെന്ന് താല്പര്യപ്പെടുന്നു.

**ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ**
(SFCSSA)

**എക്സിക്യൂട്ടീവ് കമ്മറ്റി**

രക്ഷാധികാരികൾ
**റവ. ജോൺ തോമസ്**
**പാസ്റ്റർ ഏബ്രഹാം ജോസഫ്**
**പാസ്റ്റർ ഫിന്നി ജേക്കബ്**

ഡയറക്ടർ
**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**
9447861098

അസോ. ഡയറക്ടർ
**പാസ്റ്റർ പി.എ. ചാക്കോച്ചൻ**
94476 54228

ജനറൽ സെക്രട്ടറി
**റോഷി തോമസ്**
98476 65044

അസോ. സെക്രട്ടറി
**കെ.ഇ. ജോർജുകുട്ടി**
94479 07543

ട്രഷറാർ
**കോശി മാത്യു**
99471 74700

എക്സാം കൺട്രോളർ
**കെ. തങ്കച്ചൻ**
94479 85313

ജനറൽ കോർഡിനേറ്റർ
**പാസ്റ്റർ ബിജു ജോസഫ്**
99956 95573

അംഗങ്ങൾ
**പാസ്റ്റർ ബ്ലസ്സൻ ജോർജ്**
94469 83834
**പാസ്റ്റർ പി.മത്തായി**
98477 57245
**പാസ്റ്റർ സജു മാവേലിക്കര**
94472 93000
**പാസ്റ്റർ സനു ജോസഫ്**
087805 42184
**റ്റി. തങ്കച്ചൻ**
94472 47644
**അജിത്ത് ജോർജ്**
94478 18793
**പ്രിൻസ് സാമുവേൽ ജോസഫ്**
98091 82333
**ഷിജു ജോർജ്**
94473 78488

ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം
**ആത്മപ്രബോധിനി**

**എഡിറ്റോറിയൽ ബോർഡ്**
**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**
**പാസ്റ്റർ പി.എ. ചാക്കോച്ചൻ**
**റോഷി തോമസ്**
**പാസ്റ്റർ സാംസൺ പി. തോമസ്**
**പാസ്റ്റർ ബ്ലസ്സൻ ജോർജ്**

*ഡയറക്ടറിൽ നിന്ന്*



പാസ്റ്റർ ഏബ്രഹാം മന്ദമരുതി

# ആത്മീയ അഭ്യസനത്തിന്റെ അനിവാര്യത

വളർന്നുവരുന്ന തലമുറയെ കർത്താവുമായി ബന്ധപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങളും പദ്ധതികളുമായി കർമ്മപാതയിൽ മുന്നേറിക്കൊണ്ടിരിക്കുന്നു എന്നു പറയുന്നതിൽ ചാരിതാർത്ഥ്യവും സന്തോഷവുമുണ്ട്. കഴിഞ്ഞ ചില വർഷങ്ങൾകൊണ്ട് ഏറെ മാറ്റങ്ങൾ ഈ മേഖലയിൽ കൈവരിക്കാൻ നമുക്കു സാധിച്ചു എന്നത് ദൈവകൃപകൊണ്ടു മാത്രമാണ്. കുട്ടികളുടെയിടയിലെ ക്രിസ്തീയ പ്രവർത്തനങ്ങൾ അർഹിക്കുന്ന ഗൗരവത്തോടെ കണ്ട് പ്രാർഥനകൊണ്ടും പണം കൊണ്ടും ശാരീരിക അധ്വാനം കൊണ്ടും സഹായിക്കുന്ന ഏവർക്കും ഇത്തരുണത്തിൽ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

സൺഡേസ്കൂൾ അധ്യായനത്തോട് കുറെക്കൂടി ഗൗരവമായ സമീപനം മാതാപിതാക്കളുടെയും സഭയുടെയും ഭാഗത്തു നിന്ന് ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവവചനത്തിലുള്ള അറിവോ ക്രിസ്തീയ ഉപദേശങ്ങളെക്കുറിച്ചുള്ള നിശ്ചയമോ നമ്മുടെ കുട്ടികളിൽ നിരവധി പേർക്കില്ല എന്നത് അപകടകരമായ ഒരു വസ്തുതയാണ്. തന്മൂലം, തിന്മയുടെ പ്രലോഭനങ്ങൾക്ക് അവരിൽ പലരും വശംവദരാകുകയും ദുരുപദേശത്തിന്റെയും സാത്താന്യ ആരാധനകളുടെയും കണ്ണികളിൽ വേഗത്തിൽ അകപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, ഒരു വിഭാഗം തിരുവെഴുത്തിൽ വേണ്ടത്ര നിശ്ചയമില്ലാത്തവരായി സഭകളിൽ വളർന്ന് വിശ്വാസി സമൂഹത്തിന്റെ ഭാഗമായി മാറുന്നു. ഇത്തരം അപകടകരമായ സാഹചര്യങ്ങൾക്ക് മാറ്റം വരുത്താൻ സൺഡേസ്കൂൾ പഠനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതുണ്ട്.

മാതാപിതാക്കളിൽ പലരും സ്കൂൾ വിദ്യാഭ്യാസത്തിനു നൽകുന്നതിന്റെ ഒരു ഭാഗം പോലും പ്രാധാന്യം സൺഡേസ്കൂൾ പഠനത്തിനു നൽകുന്നില്ല എന്നത് ദുഃഖകരമായ വസ്തുതയാണ്. പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസോ എ വണ്ണോ വാങ്ങുന്ന മിടുക്കന്മാരും മിടുക്കികളും നമ്മുടെ വിദ്യാർത്ഥികൾക്കിടയിലുണ്ട്. അത് നമുക്ക് അഭിമാനകരവുമാണ്. എന്നാൽ, ഈ കുട്ടികളിൽ പലരും സൺഡേസ്കൂൾ പരീക്ഷയ്ക്ക് ഈ മികവ് പ്രകടിപ്പിക്കുന്നില്ല. കഴിവില്ലായ്മയല്ല, ഉത്സാഹക്കുറവും താല്പര്യമില്ലായ്മയുമാണ് ഇതിന്റെ പിന്നിലെ പ്രധാന കാരണം. മാതാപിതാക്കൾക്കും ഇക്കാര്യത്തിൽ പ്രധാനമായ ഒരു പങ്കുണ്ട്. ഏതു വിധേനയും തങ്ങളുടെ കുട്ടികളെ മുടങ്ങാതെ സ്കൂളിൽ പറഞ്ഞയയ്ക്കാൻ ഉത്സാഹിക്കുന്ന മാതാപിതാക്കൾ സൺഡേസ്കൂളിന്റെ കാര്യത്തിൽ ഇത്രയും ഉത്തരവാദിത്തം ഏറ്റെടുക്കുന്നില്ല എന്നതാണ് യാഥാർഥ്യം. എട്ടും പത്തും വിഷയങ്ങൾ ഒരു വർഷം സ്കൂളിൽ പഠിക്കാനുള്ളതിൽ മാതാപിതാക്കൾക്ക് പരാതിയില്ല. സ്കൂൾ പഠനം പോരാ എന്നു തോന്നിയിട്ട് ട്യൂഷനുള്ള ഏർപ്പാടും കുട്ടികൾക്കായി ഒരുക്കുന്നു. എന്നാൽ കേവലം 35 പാഠങ്ങൾ മാത്രം ഉള്ള ഒരു പാഠപുസ്തകം സൺഡേ സ്കൂളിൽ ഒരു വർഷം പഠിക്കാനുള്ളതിൽ പലരും അസന്തുഷ്ടരാണ്. പാഠങ്ങളുടെ എണ്ണം കൂടിപ്പോയി, മനസിലാക്കാൻ പ്രയാസമാണ്, ഇങ്ങനെ എത്രയെത്ര പരാതികളാണ് പല മാതാപിതാക്കളുടെയും ഭാഗത്തുനിന്ന് ഉയരുന്നത്? സ്കൂളിലെ, അത്ര പ്രാധാന്യമില്ലാത്ത ഒരു പരീക്ഷാ സമയത്തുപോലും സൺഡേസ്കൂൾ പരീക്ഷ വന്നാൽ പലരും അസംതൃപ്തരാണ്. ക്രിസ്തീയ വിദ്യാഭ്യാസത്തിന് നാം നൽകുന്ന പ്രധാന്യമാണ് ഈ മനോഭാവങ്ങൾക്ക് പിന്നിലുള്ളത് എന്ന സത്യം ആരും വിസ്മരിക്കരുത്.

നമ്മുടെ മക്കളെ ഏറ്റവും മിടുക്കരായി പഠിപ്പിച്ച് ഉന്നത നിലവാരത്തിലെത്തിക്കുന്നതു നല്ലതുതന്നെ. എന്നാൽ ആ ഉയർച്ചയിൽ അവർ ദൈവത്തെ മറക്കരുത്. വചനം വിട്ടൊരു ജീവിതം അവർക്കുണ്ടാകരുത്. അതുണ്ടാകാതിരിക്കാൻ 'നടക്കേണ്ട വഴിയിൽ' നടക്കാൻ അവരെ നേരത്തെ തന്നെ അഭ്യസിപ്പിക്കേണ്ടതുണ്ട്. അതിനാണ് സഭകളിൽ സൺഡേസ്കൂൾ പഠനം നാം നൽകുന്നത്.

കഴിഞ്ഞ രണ്ടു ടേമുകൾ സൺഡേസ്കൂൾ പ്രവർത്തനങ്ങളുടെ നേതൃനിരയിൽ നിന്ന് പ്രവർത്തിക്കാൻ അവസരം ലഭിച്ചതിൽ നന്ദിയും അഭിമാനവുമുണ്ട്. കഠിനാധ്വാനവും ദർശനവും കൈമുതലാക്കിയ ഒരു ടീമിനൊപ്പം നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. അടുത്ത ഒരു ടേമിലേക്കുകൂടി അവസരം ലഭിച്ചത് അധ്വാനത്തിന്റെ അംഗീകാരമായി മനസ്സിലാക്കുന്നു. ഏറെ കഴിവുകളുള്ള ഒരു ടീമിനെയാണ് ഇപ്രാവശ്യം സഹപ്രവർത്തകരായി ലഭിച്ചിരിക്കുന്നത്. ദൈവം ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ വിനയപൂർവ്വം ഏറ്റെടുക്കുന്നു.

കഴിഞ്ഞ വർഷങ്ങളിലേതു പൊലെ പ്രയോജനപ്രദമായ പുതിയ വിവിധ പദ്ധതികൾ നമ്മുടെ അദ്ധ്യാപകരെയും വിദ്യാർഥികളെയും ലക്ഷ്യമാക്കി നടപ്പിലാക്കുവാൻ പുതുതായി തിരഞ്ഞെടുക്കപ്പെട്ട കമ്മറ്റി താല്പര്യപ്പെടുന്നു. സാമ്പത്തികമായി വലിയ ഒരു ബാദ്ധ്യത അസോസിയേഷന് നിലനിൽക്കുന്നുണ്ടെങ്കിലും അതൊരു തടസ്സമായി കാണാൻ താല്പര്യപ്പെടുന്നില്ല. സഭകളുടെയും സൺഡേസ്കൂൾ പ്രവർത്തകരുടെയും വിലപ്പെട്ട പ്രാർഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.




**പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസോ എ വണ്ണോ വാങ്ങുന്ന മിടുക്കന്മാരും മിടുക്കികളും നമ്മുടെ വിദ്യാർത്ഥികൾക്കിടയിലുണ്ട്. അത് നമുക്ക് അഭിമാനകരവുമാണ്. എന്നാൽ, ഈ കുട്ടികളിൽ പലരും സൺഡേസ്കൂൾ പരീക്ഷയ്ക്ക് ഈ മികവ് പ്രകടിപ്പിക്കുന്നില്ല. കഴിവില്ലായ്മയല്ല, ഉത്സാഹക്കുറവും താല്പര്യമില്ലായ്മയുമാണ് ഇതിന്റെ പിന്നിലെ പ്രധാന കാരണം.**

## സൺഡേസ്കൂൾ അധ്യാപകരുടെ വിവരങ്ങൾ ശേഖരിക്കുന്നു

തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ എല്ലാ ലോക്കൽ സഭകളിലെയും അധ്യാപകരുടെ വിവരങ്ങൾ ശേഖരിക്കുന്നു. ഇതിനായി പ്രതിജ്ഞാപത്രങ്ങൾ ലോക്കൽ സഭകളിൽ എത്തിച്ചിട്ടുണ്ട്. ഓരോ അധ്യാപകരും ഈ ഫോം കൃത്യമായി പൂരിപ്പിച്ച് ഫോട്ടോയും സഭാശുശ്രൂഷകന്റെ ഒപ്പോടുംകൂടി സഭാ സൺഡേസ്കൂളിന്റെ ഉത്തരവാദിത്തപ്പെട്ടവരെ ഏൽപ്പിക്കുകയും അവർ അത് സെക്ഷൻ സൺഡേസ്കൂൾ ഭാരവാഹികളെ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.



# കുരുന്നുകളില്ലാത്ത കൂട്ടായ്മയോ?

**തിമഥി കിഡ്സ്**

കുഞ്ഞുങ്ങൾ ദൈവം ദാനമായി നൽകിയ ഭാവി വാഗ്ദാനങ്ങളാണ്. വരാനിരിക്കുന്ന ലോകത്തെ നാം കാണുന്നത് പൈതങ്ങളിലൂടെയാണ്. നിഷ്കളങ്കമായ അവരുടെ ചെയ്തികളെല്ലാം തന്നെ മനുഷ്യസമൂഹത്തെ സന്തോഷിപ്പിക്കുന്നു. ഏതൊരു സമൂഹത്തിലെയും മൂന്നിലൊരു ശതമാനത്തിലേറെ കുരുന്നുകളായിരിക്കെ കുഞ്ഞുങ്ങളെ അവഗണിച്ചുള്ള നീക്കം ആ സമൂഹത്തിന്റെ ഭാവിയെത്തന്നെ ഇരുളിലാഴ്ത്തുന്നു.

ഭാരതീയ സമൂഹത്തിലെ കുരുന്നുകളുടെ സ്ഥിതി അതിദയനീയമാണ്. ഒരു വശത്ത് ദാരിദ്ര്യവും പോഷകാഹാരക്കുറവും അവരുടെ വളർച്ചയെ മുരടിപ്പിക്കുമ്പോൾ മറുവശത്ത് വിദ്യാഭ്യാസത്തിനായുള്ള മൗലികാവകാശം നഷ്ടപ്പെട്ട് ഒരു വലിയ വിഭാഗം കുട്ടിത്തൊഴിലാളികളായിത്തീരുവാൻ നിർബന്ധിതരാകുന്നു. കൂട്ടുകുടുംബത്തിൽനിന്ന് അണുകുടുംബ വ്യവസ്ഥയിലേക്കുള്ള മാറ്റം കുട്ടികളുടെ മാനസിക വളർച്ചയെ ഒട്ടൊന്നുമല്ല പ്രതികൂലമായി ബാധിച്ചിട്ടുള്ളത്. പൈതങ്ങളുടെ ആരോഗ്യകരമായ വളർച്ചയെപ്പറ്റി, അവരുടെ ആവശ്യങ്ങളെപ്പറ്റി സമൂഹത്തിൽ അധികമാരും ബോധവാന്മാരല്ല.

ഗർഭഛിദ്രം കുരുന്നുകളുടെ ജനിക്കാനുള്ള അവകാശത്തെത്തന്നെ ചോദ്യം ചെയ്യുന്ന ക്രൂരമായ തിന്മയായി വളരുകയാണ്. ലോകത്തിലേറ്റവും സുരക്ഷിതമായ സ്ഥാനത്ത്, സ്വന്തം അമ്മയുടെ ഹൃദയത്തിനടിയിൽ കുരുന്നു ജീവൻ അതിനീചമായി ഇല്ലായ്മ ചെയ്യപ്പെടുന്നു. സ്കാനിംഗ് ഉപകരണങ്ങളുടെ ലഭ്യത ഭ്രൂണഹത്യയുടെ നിരക്ക് വളരെയേറെ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ട്. അമ്മയുടെ ജീവന് സംരക്ഷണം നൽകുന്നതിനുവേണ്ടി മാത്രം ഗർഭഛിദ്രം അനുവദിക്കുന്ന നിയമത്തിന്റെ മറപറ്റി, ഇത് ഒരു തമാശയായി, ബിസിനസ്സായി വളരുകയാണിന്ന്. ജീവന്റെ തുടക്കത്തിൽ തന്നെ കുഞ്ഞുങ്ങൾ വേട്ടയാടപ്പെടുന്നു. സ്വന്തം അമ്മതന്നെ അവരെ ഒറ്റിക്കൊടുക്കുന്നു.

നിയമം മൂലം നിരോധിക്കപ്പെട്ടിട്ടും ആർഷഭാരതസംസ്ക്കാരത്തിൽ ഇന്നും ശൈശവവിവാഹം നിലനിൽക്കുന്നു. തിരിച്ചറിവാകുന്നതിനു മുമ്പേ ഭാരം ഒഴിവാക്കുവാൻ ശ്രമിക്കുന്ന മാതാപിതാക്കൾ കുരുന്നു ജീവിതത്തെ ചുരുട്ടിക്കൂട്ടുകയാണ്. ആടിപ്പാടി ഉല്ലസിച്ച്, കിളികളോട് കിന്നാരം പറഞ്ഞ് നടക്കേണ്ട പ്രായത്തിൽ ചില കുട്ടികൾ അമ്മമാരാകുന്നു. സ്ത്രീധനവും മറ്റ് കുടുംബപ്രശ്നങ്ങളും വിവാഹമോചനത്തിൽ അവസാനിക്കുമ്പോൾ ആ ജീവിതങ്ങൾ പൂർണ്ണമായും അന്ധകാരത്തിൽ ആഴ്ന്നുപോകുന്നു.

ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ഇന്നും പ്രാകൃതമായ ശിശുബലി നിലവിലിരിക്കുന്നു. കൂടുതലും പെൺകുഞ്ഞുങ്ങളാണ് ഈ പൈശാചികതയ്ക്ക് വിധേയരാകുന്നത്. പക്ഷികൾക്കും മത്സ്യങ്ങൾക്കും ആഹാരമായി ഗംഗയിലും യമുനയിലും കുരുന്നു ജഡങ്ങൾ ഒഴുകിനീങ്ങുമ്പോൾ ശിശുബലിയെ ദൈവീകതയുമായി ബന്ധിപ്പിക്കുന്നത് കടുത്ത ക്രൂരതയാണ്. ശ്വാസംമുട്ടിച്ചും, വിഷച്ചെടികളുടെ നീരും, പുകയിലയും, കീടനാശിനികളും വായിലൊഴിച്ചുകൊടുത്തും ചോരക്കുഞ്ഞിനെ കൊലപ്പെടുത്തുമ്പോഴും സമൂഹം വിഡ്ഢിയെപ്പോലെ ചിരിക്കുന്നു.

ശിശുക്കൾ ഇന്ന് കച്ചവടച്ചരക്കുകളായി മാറ്റപ്പെട്ടിരിക്കുന്നു. നിശ്ചിത വിലയ്ക്ക് മറ്റേതു വിപണന വസ്തുക്കളെയും പോലെ കുഞ്ഞുങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്യപ്പെടുന്നു. ഈ ദുഷിച്ച പ്രവണത കഴിഞ്ഞ നൂറ്റാണ്ടിന്റെ ശാപമായിരുന്ന അടിമവ്യാപാരത്തെ ഓർമ്മിപ്പിക്കുന്നു. ഇങ്ങനെ വിൽക്കപ്പെടുന്ന കുഞ്ഞുങ്ങൾ അവയവ വില്പനയ്ക്ക് ഉപയോഗിക്കപ്പെടുന്നതിലും ജീവപര്യന്തം നിർബന്ധിത തൊഴിലിനോ, ലൈംഗിക പീഡനത്തിനോ വിധേയരാവുന്നതിലും അത്ഭുതപ്പെടാനില്ല.

ഭാരതത്തിന്റെ ഭാവിയെ മുരടിപ്പിക്കുന്ന മറ്റൊരു ശാപമാണ് ബാലവേല. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന Concern for Working Children (CWC) എന്ന സംഘടനയുടെ കണക്കുകൾ പ്രകാരം കൂലിയില്ലാതെയോ കുറഞ്ഞ അടിസ്ഥാനത്തിലോ കഠിനജോലികൾ ചെയ്യുന്ന 15 വയസ്സിനു താഴെയുള്ള 10 കോടിയോളം കുട്ടികൾ ഇന്ത്യയിലുണ്ട്. ലോകത്തിലേറ്റവും കൂടുതൽ ബാലവേല നടക്കുന്ന രാജ്യം ഇന്ത്യയാണ്. ഇവരിലധികവും യാതൊരു സുരക്ഷിതത്വവും കൂടാതെ ഫാക്ടറികളിൽ അപകടകരങ്ങളായ ജോലികൾ ചെയ്യുന്നു. ശിവകാശിയിലെ തീപ്പെട്ടി–പടക്ക നിർമ്മാണ കമ്പനികളിലും 850 മുതൽ 1800 ഡിഗ്രി വരെ ചൂടിൽ ഫിറോസാബാദിലെ ഗ്ലാസ്സ് നിർമ്മാണ ഫാക്ടറികളിലും നമ്മുടെ ബാല്യങ്ങൾ ഉരുകിത്തീരുന്നു. ഉത്തർപ്രദേശിലെ മിർസാപൂരിൽ ഉയരം കുറഞ്ഞ ശുചിത്വമില്ലാത്ത ചെറിയ കുടിലുകളിൽ ആഴ്ചയിൽ ഏഴു ദിവസം പണിയെടുക്കുന്ന കുട്ടികളുടെ ദിവസക്കൂലി രണ്ടുരൂപയാണ്. അസഹ്യമായ ശാരീരിക, മാനസിക പീഡനങ്ങൾക്ക് വിധേയരാകുന്ന ഈ കുട്ടികൾ മാനസികമായി മുരടിച്ചുപോകുന്നു. കൂടാതെ ആസ്തമ, ക്ഷയം, അന്ധത തുടങ്ങിയവ ബാധിക്കപ്പെടുന്ന ഇവരിൽ ഏറിയ ഭാഗവും ആയുസ്സിന്റെ പകുതിപോലും ജീവിക്കുന്നില്ല.

മാധ്യമങ്ങൾ സാമൂഹ്യനന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി ഉപയോഗിക്കപ്പെടേണ്ടതാണ്. എന്നാൽ മാധ്യമങ്ങളും ഇന്ന് ചൂഷണത്തിനു കൂട്ടുനില്ക്കുന്നു. ബഹുജന മാധ്യമമായ ടെലിവിഷൻ കുട്ടികളെ വഴിതെറ്റിക്കുന്നതിൽ വലിയൊരു പങ്കു വഹിക്കുന്നു. മിന്നിമറയുന്ന ചിത്രങ്ങളുടെ അവസാനിക്കാത്ത പ്രലോഭനം കുട്ടികളുടെ അടുക്കും ചിട്ടയും താറുമാറാക്കുന്നു. ടെലിവിഷനിലൂടെ ലഭിക്കുന്ന അമിത ജ്ഞാനം പലപ്പോഴും കുട്ടികൾക്ക് ആവശ്യമുള്ളതാവില്ല. കാണുന്നതൊക്കെ പരീക്ഷിച്ചുനോക്കുവാനുള്ള അമിതാവേശം അവരെ കുഴപ്പത്തിൽ ചാടിക്കുന്നു. വീട്ടിനുള്ളിലെ സമയം ഏറെയും ടി.വി. അപഹരിക്കുന്നതിനാൽ കുടുംബ സംഭാഷണങ്ങളും അതുവഴി കുട്ടികളും മുതിർന്നവരും തമ്മിലുള്ള ആത്മബന്ധവും മുറിഞ്ഞുപോകുന്നു. സ്ഥിരമായി ടി.വി. കാണുന്നത് കുട്ടികളുടെ ഏകാഗ്രത, ഓർമ്മ, ചിന്ത, ഭാവന എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. നെറ്റിയാടന്റെ അഭിപ്രായത്തിൽ "ഒരിക്കലും ലഭ്യമാവാത്ത വിലകൂടിയ വസ്തുക്കളും പരസ്യങ്ങളും സൗന്ദര്യധാമങ്ങളുടെ പ്രകടനങ്ങളും ഇന്ത്യയിലെ ഭൂരിഭാഗവും വരുന്ന സാമാന്യ ജനസമൂഹത്തിലെ കുട്ടികളെ നിരാശരും അന്തർമുഖരുമാക്കുന്നു. കമ്പോളവത്ക്കരിക്കപ്പെട്ട സമൂഹത്തിൽ, ലക്ഷ്യബോധമില്ലാത്തവരും നിഷ്ക്രിയരുമായി ഈ കുട്ടികൾ അവസാനിക്കുന്നു."

ഭവനം സമൂഹനിർമ്മിതിയിലെ അടിസ്ഥാന ഘടകമാണ്. കൂട്ടായ്മബന്ധം ഏറ്റവും അർത്ഥവത്താകുന്നത് ഭവനാന്തരീക്ഷത്തിലാണ്. ഭവനത്തിൽ കുഞ്ഞുങ്ങളുമായുള്ള വ്യക്തിബന്ധം മുതിർന്നവർ നന്നായി സൂക്ഷിക്കുന്നത് വളരെ ഫലം ചെയ്യും. യഹൂദ ജനത്തിന്റെ കപട മുഖത്തെ കീറിയെറിഞ്ഞ മശിഹ, സമൂഹത്തിൽ കുരുന്നുകളുടെ പ്രാധാന്യത്തെ തുറന്നുകാട്ടുന്നു. തന്റെ അരികിലേക്കെത്തുന്ന ശിഷ്യന്മാരോടുപോലും യേശു അക്ഷമനാകുന്നു. പൈതങ്ങളെ ശാരീരിക, മാനസിക, ആത്മീയ വളർച്ചയിൽ സഹായിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്ന് യേശു പ്രഖ്യാപിക്കുന്നു. സമൂഹത്തിന്റെ സദാചാര മര്യാദകൾക്കും മുകളിൽ അതിനു വിഘ്നം വരുത്തുന്നവർക്ക് കടുത്ത ശിക്ഷയാണ് യേശു കല്പിക്കുന്നത്.

കുരുന്നുകളില്ലാത്ത കൂട്ടായ്മയെപ്പറ്റി ചിന്തിക്കുവാൻപോലും ദൈവവചനം അനുവദിക്കുന്നില്ല. കാരണം സഭയുടെയും സമൂഹത്തിന്റെയും ഭാവി അവരിലാണ്. ആരോഗ്യം, സ്വഭാവ രൂപീകരണം, വിദ്യാഭ്യാസം, ആദ്ധ്യാത്മിക മൂല്യങ്ങൾ എന്നിവ കുഞ്ഞുങ്ങളിലേക്കെത്തിക്കേണ്ടതും അതിനു സഹായകമായ സാഹചര്യം ഒരുക്കേണ്ടതും സഭയുടെ കടമയാ

(ശേഷം പേജ് 6)

> മാധ്യമങ്ങൾ സാമൂഹ്യനന്മയ്ക്കും വളർച്ചയ്ക്കും വേണ്ടി ഉപയോഗിക്കപ്പെടേണ്ടതാണ്. എന്നാൽ മാധ്യമങ്ങളും ഇന്ന് ചൂഷണത്തിനു കൂട്ടുനില്ക്കുന്നു. ബഹുജന മാധ്യമമായ ടെലിവിഷൻ കുട്ടികളെ വഴിതെറ്റിക്കുന്നതിൽ വലിയൊരു പങ്കു വഹിക്കുന്നു. മിന്നിമറയുന്ന ചിത്രങ്ങളുടെ അവസാനിക്കാത്ത പ്രലോഭനം കുട്ടികളുടെ അടുക്കും ചിട്ടയും താറുമാറാക്കുന്നു.





ജനറൽ സെക്രട്ടറി എഴുതുന്നു...

# കൂടുതൽ കരുത്തോടെ മുന്നോട്ട്...

കർത്താവിൽ പ്രിയരേ,

നമ്മുടെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ അനുഗ്രഹമായി മുമ്പോട്ടുപോകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ നൽകിയ എല്ലാ സഹകരണങ്ങൾക്കും പ്രത്യേക നന്ദി അറിയിക്കുന്നു.

ഈ കാലഘട്ടത്തിൽ നമ്മുടെ കുഞ്ഞുങ്ങൾക്ക് വളരെ ഉന്നത വിദ്യാഭ്യാസം നൽകുന്നതിൽ നാം ശ്രദ്ധിക്കുമ്പോൾ ക്രിസ്തീയ വിദ്യാഭ്യാസത്തിന് ഒട്ടുംതന്നെ പ്രാധാന്യം നൽകുന്നില്ല എന്നതാണ് സത്യം. കുട്ടികൾക്ക് അടിസ്ഥാനപരമായി പ്രാധാന്യം നൽകിയിരുന്ന യഹൂദ മതം 12 വയസ്സ് വരെ നിശ്ചയമായും ന്യായപ്രമാണ പഠനം നൽകിയിരുന്നു എന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. ആശിക്കുവാനും ആശിക്കുന്നത് സ്വന്തമാക്കാനും വെമ്പൽ കൊള്ളുന്ന ഇളം പ്രായത്തിൽ ഉള്ള കുഞ്ഞുങ്ങൾക്ക് ആത്മീയ പുരോഗതി സാധ്യമാക്കിക്കൊടുക്കുന്ന വേദിയാണ് സൺഡേസ്കൂൾ പഠനം. ഇതിൽ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും അവരവരുടേതായ വ്യക്തമായ പങ്കുണ്ട്.

പ്രതികൂല സാഹചര്യങ്ങളിൽ വളർന്നുവരുന്ന നമ്മുടെ കുഞ്ഞുങ്ങൾ വീണുപോകാതെ ക്രിസ്തുവിൽ ഉറച്ചു നിൽപ്പാൻ സഹായിക്കുന്ന സ്തുത്യർഹമായ പല പ്രവർത്തനങ്ങളും സൺഡേസ്കൂൾ പ്രസ്ഥാനം കഴിഞ്ഞ കുറെ വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്നു. മെഗാ ബൈബിൾ ക്വിസ്, നാഷണൽ ക്യാംപ്, നവീകരിച്ച പാഠപുസ്തകങ്ങൾ, വാർഷിക പരീക്ഷകൾ തുടങ്ങിയവ ഉദാഹരണങ്ങളാണ്.

സൺഡേസ്കൂളിന്റെ പ്രവർത്തനവിജയത്തിനു പിന്നിൽ സഭാനേതൃത്വത്തിന്റെയും വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും സഭാശുശ്രൂഷകന്മാരുടെയും മാതാപിതാക്കളുടെയും വിവിധ കമ്മറ്റി അംഗങ്ങളുടെയും ആത്മാർത്ഥമായ പ്രാർത്ഥനയും സഹകരണവും ഉണ്ടെന്നുള്ളത് ഇത്തരുണത്തിൽ ഓർക്കുന്നു. തുടർന്നും ഇതു പ്രതീക്ഷിച്ചുകൊണ്ട്,

നിങ്ങളുടെ സഹോദരൻ

**ബ്രദർ റോഷി തോമസ്**

## ശാരോൻ ഫെല്ലോഷിപ്പ് സൺഡേസ്കൂൾ അസ്സോസിയേഷൻ, തിരുവല്ല
## വാർഷിക വരവ് ചെലവ് കണക്ക് 2017

| വരവ് | | ചെലവ് | |
|---|---|---|---|
| മുൻനീക്കു ബാക്കി: കൈവശം | 28,051.00 | പാഠപുസ്തകപ്രിന്റിംഗ് | 789,560.00 |
| മുൻനീക്കു ബാക്കി: ബാങ്കിൽ | 1340.00 | ആത്മപ്രബോധിനി | 58,760.00 |
| പാഠപുസ്തകവിറ്റുവരവ് | 796,220.00 | മെഗാ ബൈബിൾ ക്വിസ് | 29,910.00 |
| വ്യക്തിഗതസംഭാവന | 279,572.00 | ഗിഫ്റ്റ് | 2,156.00 |
| സഭകളിൽ നിന്നുള്ള സംഭാവന/സ്തോത്രക്കാഴ്ച | 72,090.00 | പോസ്റ്റ്ബോക്സ് റിന്യൂവൽ | 300.00 |
| വിദേശസഭകളിലെ സംഭാവന | 65,000.00 | പ്രിന്റിംഗ് & സ്റ്റേഷനറി | 59,765.00 |
| വാർഷിക മീറ്റിംഗിലെ സ്തോത്രക്കാഴ്ച | 6,508.00 | ജനറൽ ബോഡി & കമ്മറ്റി മീറ്റിംഗുകൾ | 27,390.00 |
| (ജനറൽ കൺവൻഷൻ) | | പരീക്ഷാചെലവുകൾ | 115,556.00 |
| ബാങ്ക് പലിശ | 860.00 | വെബ്സൈറ്റ് | 9,400.00 |
| മെഗാ ബൈബിൾ ക്വിസ് ഫീസ് | 29,910.00 | നാഷണൽ ക്യാമ്പ് 2016 | 6,68,874.00 |
| വാർഷീകപരീക്ഷ: രജിസ്ട്രേഷൻ ഫീസ് | 1,51,726.00 | നാഷണൽ ക്യാമ്പ് 2017 | 5,70,058.00 |
| **നാഷണൽ ക്യാമ്പ് 2016** | | സമ്മാനങ്ങൾ | 14,000.00 |
| വ്യക്തിഗതസംഭാവന | 2,13,330.00 | ബാങ്ക് ചാർജുകൾ | 401.00 |
| സഭകളിൽ നിന്നുള്ള സംഭാവന | 1,15,500.00 | കൊറിയർ ചാർജ് | 1,520.00 |
| ക്യാമ്പ് ഫീസ് | 89,150.00 | പാഠപുസ്തക വില്പനയുമായി | |
| റൂം വാടക ഇനത്തിൽ ലഭിച്ചത് | 9,900.00 | ബന്ധപ്പെട്ട ചിലവുകൾ | 11,610.00 |
| ഭക്ഷണകൂപ്പൺ | 3,300.00 | ടീഷർട്ട് | 8,750.00 |
| ലോൺ എടുത്തത് | 2,69,000.00 | പോസ്റ്റേജ് & ഓഫീസ് ചെലവ് | 37,080.00 |
| **നാഷണൽ ക്യാമ്പ് 2017** | | വിദ്യാഭ്യാസസഹായം | 15,000.00 |
| വ്യക്തിഗതസംഭാവന | 2,31,250.00 | ലോൺ കൊടുത്തുവീട്ടിയത് | 2,41,188.00 |
| സഭകളിൽ നിന്നുള്ള സംഭാവന | 1,33,070.00 | നീക്കുബാക്കി - കൈവശം | 24,489.00 |
| ക്യാമ്പ് ഫീസ് | 86,500.00 | ബാങ്ക് | 22,298.00 |
| റൂം വാടക ഇനത്തിൽ ലഭിച്ചത് | 6,100.00 | | |
| ഭക്ഷണകൂപ്പൺ | 2,500.00 | | |
| ലോൺ എടുത്തത് | 1,17,188.00 | | |
| **ആകെ** | **27,08,065** | **ആകെ** | **27,08,065.00** |

### കമ്മറ്റി അംഗങ്ങളിൽ നിന്നു ലോണായി എടുത്ത തുക

| | | | |
|---|---|---|---|
| റോഷി തോമസ് | 50,000.00 | കെ. തങ്കച്ചൻ | 40,000.00 |
| കോശി മാത്യു | 25,000.00 | റ്റി.ഒ. പൊടിക്കുഞ്ഞ് | 25,000.00 |
| കെ.ഇ. ജോർജുകുട്ടി | 30,000.00 | പാസ്റ്റർ എബ്രഹാം തോമസ് | 85,000.00 |
| പാസ്റ്റർ പി. മത്തായി | 10,000.00 | പാസ്റ്റർ വർഗീസ് ജോഷ്വാ | 15,000.00 |
| | | **ആകെ** | **2,80,000.000** |

## സഭകളിൽ നിന്നുള്ള സ്ത്രോത്രകാഴ്ച/ സംഭാവന

| ലോക്കൽ സഭ | ക്യാമ്പ് 2016 | ക്യാമ്പ് 2017 | സ്ത്രോത്രകാഴ്ച |
|---|---|---|---|
| **തിരുവല്ല സെന്റർ** | | | |
| കല്ലാടി | 500.00 | 500.00 | |
| പഴമ്പള്ളി | 1000.00 | 1000.00 | 1000.00 |
| തലവടി സൗത്ത് | 750.00 | | |
| തോട്ടഭാഗം | 3000.00 | 8000.00 | 1250.00 |
| തിരുവല്ല ടൗൺ | 1500.00 | 1500.00 | 1500.00 |
| കുറ്റപ്പുഴ | 5000.00 | 5000.00 | 1000.00 |
| കുന്നന്താനം | 1000.00 | — | – |
| ചമ്പക്കുളം | 500.00 | 500.00 | |
| പടഹാരം | | – | 70.00 |
| മുട്ടുമൺ | | 500.00 | – |
| മഞ്ഞാടി | | 2000.00 | – |
| **തിരുവല്ല വെസ്റ്റ് സെന്റർ** | | | |
| വെൺപാല | – | – | 250.00 |
| ചാത്തങ്കരി | 3000.00 | 3000.00 | 1500.00 |
| കാരിച്ചാൽ | 1000.00 | – | 500.00 |
| പരുമല | 1000.00 | 1000.00 | 450.00 |
| മേൽപാടം | 1000.00 | 1000.00 | 500.00 |
| കടപ്ര | 2000.00 | 1000.00 | – |
| മണിപ്പുഴ | – | 2000.00 | 1000.00 |
| കൊമ്മാടി | – | – | 400.00 |
| **കുമ്പനാട് സെന്റർ** | | | |
| കുമ്പനാട് | 500.00 | – | – |
| വള്ളംകുളം | 750.00 | 750.00 | – |
| തെക്കേമല | 500.00 | – | 250.00 |
| ഓതറ വെസ്റ്റ് | 500.00 | 300.00 | – |
| കുഴിക്കാല | 750.00 | – | – |
| കവുങ്ങുംപ്രയാർ | – | 1000.00 | – |
| പുല്ലാട് | – | 500.00 | – |
| **മല്ലപ്പള്ളി സെന്റർ** | | | |
| മല്ലപ്പള്ളി വെസ്റ്റ് | – | – | 1250.00 |
| പുന്നവേലി | – | – | 1000.00 |
| വെള്ളയിൽ | 1000.00 | 500.00 | – |
| തുരുത്തിക്കാട് | 1500.00 | 1000.00 | – |
| കണിച്ചകുളം | 250.00 | – | – |
| വേങ്ങത്താനം | – | 1000.00 | – |
| മുണ്ടത്താനം | – | – | 160 |
| മേത്താനം | – | – | 400.00 |
| മാവേലിക്കര സെന്റർ | | | |
| കാരാഴ്മ | – | – | 100.00 |
| മുതുകുളം | 500.00 | 750.00 | 500.00 |
| ചെന്നിത്തല നോർത്ത് | 1000.00 | – | 400.00 |
| ചാരുംമൂട് | 750.00 | – | – |
| മാങ്കാംകുഴി | 3000.00 | 2000.00 | 1200.00 |
| പ്രെയ്സ് സിറ്റി | 1000.00 | 2500.00 | 1000.00 |
| വഴുവാടി | 1000.00 | – | – |
| തഴക്കര | 300.00 | – | 200.0 |
| ചെന്നിത്തല സൗത്ത് | 1000.00 | 1000.00 | 750.00 |
| കരിപ്പുഴ | 500.00 | 1000.00 | – |
| ഹരിപ്പാട് | – | 500.00 | – |
| കായംകുളം | – | – | 100.00 |
| **പത്തനംതിട്ട സെന്റർ** | | | |
| നാരങ്ങാനം | 500.00 | 500.00 | – |
| മേക്കൊഴൂർ | 1000.00 | 1500.00 | 300.00 |
| മൈലപ്ര | 500.00 | – | – |
| കീക്കൊഴൂർ | 500.00 | 1000.00 | 750.00 |
| വയ്യാറ്റുപുഴ | 1000.00 | – | – |
| ചിറ്റാർ | – | 2500.00 | 3000.00 |
| മണിയാർ | – | 250.00 | 150.00 |
| സീതത്തോട് | – | – | 100.00 |
| **ചെങ്ങന്നൂർ സെന്റർ** | | | |
| മനയ്ക്കച്ചിറ | 1000.00 | 1000.00 | – |
| ആറന്മുള | 500.00 | 1500.00 | 1250.00 |
| തുമ്പമൺതാഴം | 1250.00 | – | – |
| മെഴുവേലി | – | – | 2000.00 |
| കുറിച്ചിമുട്ടം | – | – | 150.00 |
| ചിറയിറമ്പ് | – | – | 250.00 |
| **റാന്നി സെന്റർ** | | | |
| കുന്നം | – | – | 500.00 |
| നെല്ലിക്കമൺ | 750.00 | 500.00 | 400.00 |
| ചെത്തോങ്കര | 1300.00 | 1500.00 | – |
| ഇടമൺ | 800.00 | 1000.00 | – |
| കനകപ്പലം | 500.00 | 500.00 | – |
| കൊറ്റനാട് | – | 2000.00 | 2000.00 |
| മണ്ണടിശ്ശാല | 2000.00 | – | 1000.00 |
| പെരുന്തേനരുവി | 400.00 | – | 65.00 |
| മുക്കൂട്ടുതറ | – | 1000.00 | – |
| അടിച്ചിപ്പുഴ | – | — | 150.00 |
| കണ്ണംപള്ളി | 2000.00 | 1500.00 | 1000.00 |
| തുലാപ്പള്ളി | – | – | 50.00 |
| മന്ദമരുതി | – | – | 200.00 |

| ലോക്കൽ സഭ | ക്യാമ്പ് 2016 | ക്യാമ്പ് 2017 | സ്ത്രോത്രകാഴ്ച |
|---|---|---|---|
| **കോട്ടയം സെന്റർ** | | | |
| മുണ്ടക്കയം | 500.00 | – | – |
| വാഴൂർ | 2000.00 | 2000.00 | 760.00 |
| കാഞ്ഞിരപ്പാറ | – | 1500.00 | 300.00 |
| പൂവൻതുരുത്ത് | 500.00 | – | 150.00 |
| മറ്റക്കര | – | – | 230.00 |
| പനച്ചിക്കാട് | 200.00 | - | - |
| മൂലേടം | 450.00 | - | - |
| **ഹൈറേഞ്ച് സെന്റർ** | | | |
| പാലൂർക്കാവ് | 300.00 | 500.00 | – |
| പീരുമേട് | 300.00 | 300.00 | – |
| കൊച്ചറ | 500.00 | 500.00 | 250.00 |
| ആറാം മൈൽ | 500.00 | – | – |
| മത്തായിപ്പാറ | 500.00 | 500.00 | – |
| കീരിക്കര | 250.00 | 250.00 | 120.00 |
| കട്ടപ്പന | - | 750.00 | 1500.00 |
| 35 - ാം മൈൽ | – | 100.00 | – |
| പള്ളിക്കുന്ന് | – | 300.00 | – |
| ചപ്പാത്ത് | – | 300.00 | 300.00 |
| **അടൂർ സെന്റർ** | | | |
| അടൂർ ടൗൺ | 500.00 | 1000.00 | – |
| കൈതപ്പറമ്പ് | 750.00 | 500.00 | 750.00 |
| വയല | 2000.00 | 2000.00 | – |
| കിളിവയൽ | 500.00 | 400.00 | – |
| പരുത്തപ്പാറ | 1000.00 | 1000.00 | 500.00 |
| ഇളംപള്ളിക്കൽ | 1000.00 | 1000.00 | 200.00 |
| പൂവൻപാറ | 500.00 | 400.00 | – |
| കടയ്ക്കാമൺ | 500.00 | – | 400.00 |
| തൊടുവക്കാട് | 200.00 | 300.00 | – |
| മാങ്കൂട്ടം | 300.00 | – | – |
| കൊടുമൺ | 200.00 | – | – |
| മണക്കാല | 2000.00 | 2000.00 | – |
| പഴകുളം | 750.00 | – | – |
| പെരുങ്കുളം | 500.00 | 500.00 | – |
| തുമ്പമൺ | 1500.00 | 2000.00 | – |
| പന്നിവിഴ | – | 500.00 | – |
| കുടശ്ശനാട് | – | 500.00 | – |
| ആനന്ദപ്പള്ളി | – | 750.00 | 150.00 |
| പൂഴിക്കാട് | – | 300.00 | – |
| ഏനാത്ത് | – | 500.00 | – |
| പുതുശ്ശേരിഭാഗം | – | 500.00 | – |
| മങ്ങാട് | – | 250.00 | – |
| പെരിങ്ങുളം | – | – | 300.00 |
| **കൊട്ടാരക്കര സെന്റർ** | | | |
| പൊൻമാനൂർ | 1000.00 | 1250.00 | – |
| തൃക്കണ്ണമംഗൽ | 1000.00 | 1000.00 | 500.00 |
| അമ്പലപ്പുറം | 2000.00 | 2500.00 | – |
| ഓടനാവട്ടം | 1000.00 | – | – |
| പ്ലാപ്പള്ളി | 1000.00 | 1000.00 | – |
| കരിക്കം | 1000.00 | 500.00 | – |
| ചക്കുവരയ്ക്കൽ | 500.00 | – | 200.00 |
| പൂയപ്പള്ളി | 1000.00 | 1000.00 | – |
| അമ്പലക്കര | – | 500.00 | – |
| കൊട്ടാരക്കര | – | 1000.00 | – |
| പഴിഞ്ഞം | – | 200.00 | – |
| ചെപ്ര | – | 500.00 | – |
| നാൽക്കവല | – | 500.00 | – |
| ചെറുവക്കൽ | – | 500.00 | – |
| ആറുമുറിക്കട | – | 500.00 | – |
| നല്ലില | 750.00 | 1000.00 | 500.00 |
| ചെങ്കുളം | – | – | 300.00 |
| കൈതക്കോട് | – | 500.00 | – |
| ഓട്ടുമല | 100.00 | – | – |
| **ശൂരനാട് സെന്റർ** | | | |
| പോരുവഴി | 500.00 | 500.00 | – |
| കടമ്പനാട് നോർത്ത് | 1200.00 | 1500.00 | 1500.00 |
| കുണ്ടോൺമലനട | 300.00 | 250.00 | – |
| ഐവർകാല | 1000.00 | 1000.00 | – |
| കടമ്പനാട് സൗത്ത് | 1000.00 | 1000.00 | 800.00 |
| ഈസ്റ്റ് കല്ലട | 300.00 | – | – |
| കുറ്റിയിൽമുക്ക് | – | 500.00 | – |
| തേവലക്കര | – | 500.00 | – |
| മാഞ്ഞാലി | – | 1050.00 | 880.00 |
| മണ്ണാറോഡ് | – | 500.00 | – |
| കണ്ണമം | – | – | 500.00 |
| മയ്യനാട് | – | – | 700.00 |
| **തൃശൂർ സെന്റർ** | | | |
| കുറുക്കൻപാറ | – | – | 230.00 |
| കുന്നംകുളം | 3000.00 | – | – |
| അമ്പലപ്പാട് | – | – | 150.00 |
| തൃശൂർ ടൗൺ | 1000.00 | 1500.00 | 500.00 |
| ഏനാമ്മാവ് | 500.00 | 500.00 | 250.00 |
| കുരിയച്ചിറ | 300.00 | – | – |
| കൊണ്ടാഴി | 500.00 | – | 500.00 |
| മണ്ണുത്തി | 4000.00 | – | 2000.00 |
| ഒട്ടുപാറ | – | – | 200.00 |
| അഞ്ചേരി | 2000.00 | 2000.00 | 500.00 |
| തൃത്തല്ലൂർ | 1000.00 | – | – |
| ക്രിസ്റ്റഫർ നഗർ | 1000.00 | – | 250.00 |

| ലോക്കൽ സഭ | ക്യാമ്പ് 2016 | ക്യാമ്പ് 2017 | സ്തോത്രകാഴ്ച |
|---|---|---|---|
| കൊടുങ്ങല്ലൂർ | – | – | 130.00 |
| മാന്ദാമംഗലം | 300.00 | 300.00 | 200.00 |
| പറവട്ടാനി | 1500.00 | – | 500.00 |
| ആൽപ്പാറ | 500.00 | – | – |
| പീച്ചി | 800.00 | – | 380.00 |
| അമ്പിട്ടൻതരിശ് | – | – | 70.00 |
| **മൂവാറ്റുപുഴ സെന്റർ** | | | |
| അഞ്ചൽപ്പെട്ടി | – | – | 200.00 |
| മൂവാറ്റുപുഴ | 500.00 | 750.00 | 300.00 |
| പൈങ്ങോട്ടൂർ | – | – | 100.00 |
| കുന്നയ്ക്കൽ | 500.00 | – | – |
| തൊടുപുഴ | – | 300.00 | 400.00 |
| ഉപ്പുകണ്ടം | – | – | 250.00 |
| ഇരപ്പാംകുഴി | – | 250.00 | 250.00 |
| തലക്കോട് | - | – | 250.00 |
| കുടയത്തൂർ | – | – | 50.00 |
| **കൊച്ചി സെന്റർ** | | | |
| അരൂർ | - | – | 250.00 |
| വൈറ്റില | 5000.00 | 5000.00 | – |
| തൈക്കൂട്ടം | 2000.00 | – | – |
| പാലാരിവട്ടം ബെഥേൽ | 1000.00 | – | 1000.00 |
| ഇരുമ്പനം | 1000.00 | – | 500.00 |
| കാക്കനാട് | 500.00 | – | – |
| ജഡ്ജ് മുക്ക് | 300.00 | – | – |
| പെരുവ | – | – | 250.00 |
| **പുനലൂർ നോർത്ത് സെന്റർ** | | | |
| കൂടൽ | 2000.00 | 2000.00 | 1000.00 |
| അതിരുങ്കൽ | 1000.00 | 1860.00 | 500.00 |
| മൂന്നാമല | 2000.00 | 3560.00 | 3000.00 |
| കറവൂർ | – | 500.00 | 150.00 |
| എലിക്കാട്ടൂർ | – | – | 300.00 |
| ചാച്ചിപുന്ന | – | – | 350.00 |
| മുറിഞ്ഞകൽ | – | – | 265.00 |
| **പുനലൂർ സൗത്ത് സെന്റർ** | | | |
| ചണ്ണപ്പേട്ട | – | – | 200.00 |
| പുനലൂർ ടൗൺ | – | 1500.00 | 300.00 |
| വിളക്കുവെട്ടം | – | 500.00 | 100.00 |
| പേപ്പർമിൽ | – | 500.00 | – |
| കുതിരച്ചിറ | – | 100.00 | 150.00 |
| ചെമ്പനരുവി | – | 100.00 | – |
| ഉറുകുന്ന് | – | 250.00 | – |
| ഇളമ്പൽ | – | 100.00 | 250.00 |
| കല്ലുമല | – | – | 150.00 |
| നെടുമ്പാറ | – | – | 180.00 |
| കരവാളൂർ | – | – | 110.00 |
| **പെരുമ്പാവൂർ സെന്റർ** | | | |
| കീഴില്ലം | – | 500.00 | 500.00 |
| കൂവപ്പാറ | – | – | 200.00 |
| കുറപ്പംപടി | – | – | 900.00 |
| കോട്ടപ്പടി | – | – | 400.00 |
| പെരുമ്പാവൂർ | – | – | 600.00 |
| പാണംകുഴി | – | – | 300.00 |
| **മലബാർ സെന്റർ** | | | |
| കരുനെച്ചി | 500.00 | 500.00 | 340.00 |
